പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1531 — 01.11.2019 ലെ മറുപടിക്ക്

## ഹരിത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| പത്തനംതിട്ട ജില്ലയിൽ ഹരിത കേരളം പദ്ധതി പ്രകാരം എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | പത്തനംതിട്ട ജില്ലയിൽ കൃഷി വകുപ്പ് മുഖേന ഹരിതകേരളം പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.<br>2018-2019 വർഷം |

| ക്രമ നം | പദ്ധതി | വിസ്തീർണ്ണം (ഹെക്ടർ/ എണ്ണം) | ഉൽപ്പാദനം (MT) | ചെലവായ തുക(ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | തരിശുഭൂമി നെൽകൃഷി വ്യാപനം | 534.652 ഹെക്ടർ | 3743 | 144.91261 |
| 2 | തരിശുഭൂമി പച്ചക്കറി വ്യാപനം | 53.31 ഹെക്ടർ | 325.1 | 15.99315 |
| 3 | ഓർഗാനിക് ഫാമിംഗ് | 450 ഹെക്ടർ | 1890 | 13.5 |
| 4 | കമ്പോസ്റ്റ് കുഴി | 50 എണ്ണം | | 1.25 |
| | ആകെ | | | 175.6558 |

2019-20 വർഷം

പത്തനംതിട്ട ജില്ലയിൽ 8 ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെട്ട ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും (നെൽകൃഷി + പുരയിടകൃഷി) തരിശു രഹിതമാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| ബ്ലോക്ക് | കൃഷിഭവൻ |
|---|---|
| അടൂർ | കൊടുമൺ |
| പന്തളം | തുമ്പമൺ |
| പുല്ലാട് | പുറമറ്റം |
| തിരുവല്ല | നിരണം |
| മല്ലപ്പള്ളി | കുന്നന്താനം |
| കോന്നി | പ്രമാടം |
| റാന്നി | വെച്ചൂച്ചിറ |
| ഇലന്തൂർ | കോഴഞ്ചേരി |

എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുറഞ്ഞത് ഒരു വാർഡെങ്കിലും ഹരിതസമൃദ്ധി വാർഡാക്കുന്നതിനും ഒരു ഗ്രാമപഞ്ചായത്ത് വാർഡിൽ പത്ത് വീടെങ്കിലും ഹരിതഭവനം ആക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പരമാവധി സ്ഥലം തരിശുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വീട്ടുവളപ്പിലും പച്ചക്കറി കൃഷി നടത്തുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം 4.2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 7 ലക്ഷം പച്ചക്കറി തൈകളും വിതരണം നടത്തിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം 320 ഹെക്ടർ തരിശു സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനും 70 ഹെക്ടർ തരിശു സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികൾക്കായി 117 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി സെക്രട്ടറി